# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

*(കമ്പനീസ് ആക്ട് 1956 പ്രകാരം സ്ഥാപിതം)*

രജി: ആഫീസ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം– 695 004,

സി.ഐ.എൻ :U40100KL2011SGC027424, വെബ്സൈറ്റ്: www.kseb.in

ഫോൺ : 0471- 2514452, Fax : 0471-2448584 - ഇമെയിൽ: cia@kseb.in.


## സംഗ്രഹം

**30.06.2018 വരെയുള്ള ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 6 ശതമാനം പലിശ ഈടാക്കി ടി എൽ.റ്റി ഉപഭോക്താക്കളുടെ കുടിശ്ശിക തീർപ്പാക്കുന്നതും ഇതിനായി സർക്കാരിൽ നിന്നും ഭാഗികമായി ലഭിച്ച തുക പ്രസ്തുത ഉപഭോക്താക്കളുടെ കുടിശ്ശികയിൽ വരവു വയ്ക്കുന്നതിനായി IUTN അയക്കുന്നതും സംബന്ധിച്ച് - ഉത്തരവ്.**

---

**കോർപ്പറേറ്റ് ഓഫീസ് (ഓഡിറ്റ്)**

ബി.ഒ.(എഫ്.റ്റി.ഡി) നമ്പർ.242/2019(സി.ഐ.എ./എ.സി.സി/ ഹെൽത്ത് ഡിപ്പാ:/18-19

തിരുവനന്തപുരം തീയതി 13.03.2019.

---

പരാമർശം-1. സ.ഉ (സാധാ) നം.9858/2018/ധന.തീയതി തിരുവനന്തപുരം 29 നവംബർ 2018.

2. സ.ഉ (സാധാ) നം.10069/2018/ധന.തീയതി തിരുവനന്തപുരം 7 ഡിസംബർ 2018.
3. സ.ഉ (സാധാ) നം.256/2019/ധന.തീയതി തിരുവനന്തപുരം 11 ജനുവരി 2019.
4. നമ്പർ.സി.ഐ.എ/എ.സി.സി/ഹെൽത്ത് ഡിപ്പാർട്ട്മെന്റ്/2018-19/386 തീയതി 06.03.2019 (അജൻഡ നം.12/3/19)

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക വിവരം ധനകാര്യവകുപ്പിനെ അറിയിക്കണമെന്ന നിർദ്ദേശപ്രകാരം എല്ലാ സർക്കാർ വകുപ്പുകളുടെയും കുടിശ്ശിക വിവരം നൽകുകയുണ്ടായി. ഇതിനെത്തുടർന്ന് പ്രാദേശിക സർക്കാരുകൾ ഒടുക്കേണ്ടുന്ന ആരോഗ്യവകുപ്പിന്റെ 30.06.2018 വരെയുള്ള എൽ.റ്റി ഉപഭോക്താക്കളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശികയുടെ വിവരങ്ങൾ സർക്കാരിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തിരിച്ചുള്ള വിവരങ്ങളും പലിശ ഉൾപ്പെടെയുള്ള കുടിശ്ശികയും ബോർഡിന്റെ വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ധനകാര്യ വകുപ്പിലേക്ക് അറിയിക്കുകയും ആരോഗ്യ വകുപ്പിന്റെ കുടിശ്ശിക മൊത്തം (എൽ.റ്റി) അംഗീകരിക്കപ്പെടുകയും 6 ശതമാനം പലിശ ഉൾപ്പെടെയുള്ള മൊത്തം കുടിശ്ശിക (5.65 കോടി രൂപ) അടുത്ത ഒരു വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി.എൽ-ന് കൈമാറാമെന്ന് ഉറപ്പു നൽകുകയും താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഏകദേശം പകുതിയോളം തുക കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | സർക്കാർ ഉത്തരവുകൾ | വൈദ്യുത ചാർജ്ജ് കുടിശ്ശികയായി ലഭിച്ച തുക |
|---|---|---|
| 1 | സ.ഉ (സാധാ) നം.9858/2018/ധന.തീയതി തിരുവനന്തപുരം 29 നവംബർ 2018. | ₹1,34,06,450/- |
| 2 | സ.ഉ (സാധാ) നം.10069/2018/ധന.തീയതി തിരുവനന്തപുരം 7 ഡിസംബർ 2018. | ₹33,35,969/- |
| 3 | സ.ഉ (സാധാ) നം.256/2019/ധന.തീയതി തിരുവനന്തപുരം 11 ജനുവരി 2019. | ₹37,23,578/- |
| | ആകെ | **₹2,04,65,997/-** |

**ആരോഗ്യ വകുപ്പിന്റെ 6 ശതമാനം പലിശ ഉൾപ്പെടെയുള്ള മൊത്തം കുടിശ്ശികയിൽ (5.65 കോടി രൂപ) മേൽപറഞ്ഞ ഉത്തരവുകൾ പ്രകാരം 2.04 കോടി രൂപ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. സ്പെഷ്യൽ ഓഫീസർ റവന്യൂവിന്റെ (എ.ആർ.യു) അക്കൗണ്ടിലാണ് ടി തുകകൾ കൈമാറിയിരിക്കുന്നത്. ആയത് ആരോഗ്യവകുപ്പിന്റെ എൽ.റ്റി ഉപഭോക്താക്കളുടെ കുടിശ്ശികയിലേയ്ക്ക് വരവു വച്ച് കണക്കുകൾ ക്രമപ്പെടുത്തേണ്ടതുണ്ട്.**

ലഭ്യമായ 2.04 കോടിരൂപയിൽ വളരെ പഴയ കുടിശ്ശികയുള്ള ഡിവിഷനുകളിലും കുടിശ്ശികയേറെയുള്ള ഡിവിഷനാഫീസുകളുടെ ക്രമത്തിലും വീതിച്ച് നൽകി കണക്കുകൾ ക്രമപ്പെടുത്തി എല്ലാ ഇലക്ട്രിക്കൽ ഡിവിഷനാഫീസുകളിലേക്കും ഇത് സംബന്ധിച്ച് IUTN അയക്കേണ്ടതുണ്ട്. ബാക്കി കുടിശ്ശികയായ 3.61 കോടി രൂപ (5.65 - 2.04) ലഭിക്കുന്ന മുറയ്ക്ക് അടുത്ത ഒരു വർഷത്തിനുള്ളിൽ ആരോഗ്യ വകുപ്പിന്റെ ഉപഭോക്താക്കളുടെ 30.06.2018 വരെയുള്ള കുടിശ്ശിക ഇല്ലാതാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സെക്ഷനാഫീസുകളിൽ നിലവിൽ നേരിട്ട് സ്വീകരിക്കപ്പെടുന്ന തുക തൻമാസ വൈദ്യുത ചാർജ്ജിൽ വരവു വയ്ക്കാവുന്നതാണ്.

സ്പെഷ്യൽ ഓഫീസർ (റവന്യൂ) എ.ആർ.യുവിൽ നിന്നാണ് IUTN, IUMIL എന്നിവ തയ്യാറാക്കി എല്ലാ ഇലക്ട്രിക്കൽ ഡിവിഷനാഫീസുകളിലേയ്ക്കും അയക്കേണ്ടതെങ്കിലും ടി അധിക ജോലികൾ ചെയ്യുവാനുള്ള ജീവനക്കാരുടെ അഭാവത്തിൽ ബന്ധപ്പെട്ട ഉപഭോക്താക്കളുടെ കുടിശ്ശിക എത്രയും വേഗം ക്രമപ്പെടുത്തേണ്ടതുള്ളതുകൊണ്ട് സി.ഐ.എയുടെ ഓഫീസിലെ അരിയർ ക്ലിയറൻസ് സെല്ലിൽ നിന്നും IUTN, IUMIL എന്നിവ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ഇലക്ട്രിക്കൽ ഡിവിഷനാഫീസുകളിലേയ്ക്കും (71 ഡിവിഷനുകൾ) അയക്കേണ്ടുന്ന 2.04 കോടി രൂപയുടെ IUTN, IUMIL എന്നിവ മേൽപറഞ്ഞ രീതിയിൽ ഉപഭോക്തൃ പട്ടിക ഉൾപ്പടെ തയ്യാറാക്കി നൽകുവാനുള്ള അംഗീകാരത്തിനായി ഡയറക്ടർ (ഫിനാൻസ്)ന് സമർപ്പിച്ചിരുന്നു. ഡയറക്ടർ (ഫിനാൻസ്)ന്റെ നിർദ്ദേശ പ്രകാരം കുറിപ്പ് ഫുൾടൈം ഡയറക്ടർമാരുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. 08.03.2019-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള LT ഉപഭോക്താക്കളുടെ 30.06.2018 വരെയുള്ള കുടിശ്ശിക 6 ശതമാനം പലിശ ഈടാക്കി ആകെ കുടിശ്ശിക 5.65 കോടി രൂപയായി അംഗീകരിച്ച് അടുത്ത ഒരു വർഷത്തിനുള്ളിൽ മൊത്തം തുകയും നൽകുമെന്ന സർക്കാർ ഉറപ്പിൽ

30.06.2018 വരെയുള്ള ആരോഗ്യവകുപ്പ് എൽ.റ്റി ഉപഭോക്താക്കളുടെ കുടിശ്ശിക തീർപ്പാക്കുക.

**2.** ലഭ്യമായ 2.04 കോടി രൂപയിൽ നിന്നും 20.67 ലക്ഷം രൂപ അക്കൗണ്ട് അവസാനിപ്പിച്ചവയിലും, വൈദ്യുതി വിച്ഛേദിക്കപ്പെട്ടവയിലും, ഡിസ്മാന്റിൽ ചെയ്യപ്പെട്ടവയിലും, റവന്യൂറിക്കവറി ഉൾപ്പെട്ടവയിലും 1000 രൂപയ്ക്ക് താഴെ കുടിശ്ശികയുള്ളവയിലും ഉൾപ്പെടെ 600 ഉപഭോക്താകളുടെ കുടിശ്ശികയിൽ വരവ് വയ്ക്കുന്നതിനും ബാക്കി തുകയായ 1.84 കോടി രൂപ കുടിശ്ശിക ഏറെയുള്ള ഉപഭോക്താക്കളുടെ കുടിശ്ശികയിൽ വരവ് വയ്ക്കുന്നതിലേയ്ക്കായി IUTN, IUMIL എന്നിവ സ്പെഷ്യൽ ഓഫീസർ (റവന്യൂ) മുഖാന്തിരം ഇലക്ട്രിക്കൽ ഡിവിഷനാഫീസുകളിലേയ്ക്ക് നൽകുക.

**3.** മേൽ സൂചിപ്പിച്ച IUTN പ്രകാരം അതാത് ഇലക്ട്രിക്കൽ സെക്ഷനുകളിലെ ആരോഗ്യ വകുപ്പിന്റെ ഉപഭോക്താക്കളുടെ കുടിശ്ശികയിൽ രേഖപ്പെടുത്തി കണക്കുകൾ ക്രമീകരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

1. 30.06.2018 വരെയുള്ള കുടിശ്ശികയാണ് തീർപ്പാക്കേണ്ടത്.
2. 30.06.2018 വരെയുള്ള കുടിശ്ശികയ്ക്ക് പലിശ നിരക്ക് 6 ശതമാനമായി കണക്കാക്കി നിജപ്പെടുത്തേണ്ടതാണ്.
3. 30.06.2018-ന് ശേഷമുള്ള കുടിശ്ശികയ്ക്ക് നിയമാനുസരണം പലിശ കണക്കാക്കേണ്ടതാണ്.

കുടിശ്ശിക തീർപ്പാക്കിയ ഉപഭോക്താക്കളുടെ റവന്യൂ റിക്കവറി അർത്ഥന സമർപ്പിച്ചിട്ടുണ്ടെങ്കിൽ പിൻവലിക്കേണ്ടതാണ്.

മുഴുവൻ സമയ ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്
ലേഖ.ജി.
കമ്പനി സെക്രട്ടറി (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർ
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ
സ്പെഷ്യൽ ഓഫീസർ (റവന്യൂ)
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

പകർപ്പ്-

1. ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ആഡിറ്റർ
2. ചീഫ് എഞ്ചിനീയർ (ഐ.ടി)
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ / ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി)/ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) / ഡയറക്ടർ (ജനറേഷൻ & എച്ച്.ആർ.എം)/ ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ ഇലക് ട്രിക്കൽ, എസ്.സി.എം& സേഫ്റ്റി) / എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
4. ഡയറക്ടർ (ഫിനാൻസ്) -ടെ പേഴ്സണൽ അസിസ്റ്റന്റ്.
5. ചീഫ് വിജിലൻസ് ഓഫീസർ / സെക്രട്ടറി -ടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
6. ഫെയർകോപ്പി സൂപ്രണ്ട് / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്